**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **24-02-2022 - ൽ മറുപടിയ്ക്ക്**

**രാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും പ്രസ്തുത പദ്ധതിയ്ക്ക് കാലതാമസം നേരിടാനുള്ള കാരണവും വ്യക്തമാക്കാമോ? | (എ) | പാലാ നിയോജക മണ്ഡലത്തിലെ രാമപുരം ഉൾപ്പെടെ 13 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പാലാ നിയോജക മണ്ഡലത്തിൽ, സ്റ്റേറ്റ് പ്ലാൻ 2012 ൽ ഉൾപ്പെടുത്തി, കടനാട് , രാമപുരം, മേലുകാവ് , വെള്ളിലാപ്പള്ളി എന്നീ വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാനായി 65.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . അതിനെ തുടർന്ന് പദ്ധതിക്കാവശ്യമായ ജലശുദ്ധികരണശാലയും ടാങ്കുകളും നിർമിക്കാൻ വേണ്ട സ്ഥലം ഏറ്റെടുക്കുന്ന നടപടി സ്വീകരിച്ചെങ്കിലും ആകെ ആവശ്യമായ 8 സ്ഥലങ്ങളിൽ 5 സ്ഥലങ്ങൾ മാത്രമേ ലഭ്യമായുള്ളു. തുടർന്ന് ലഭ്യമായ സ്ഥലത്തു 17 ദശലക്ഷം ശേഷിയുള്ള ജലശുദ്ധികരണ ശാല നിർമിക്കുന്നതിനായി ടെൻഡർ നടപടി സ്വീകരിച്ചു. എന്നാൽ ടി പദ്ധതിയിൽ സമീപ പഞ്ചായത്തുകളായ കരൂർ, മൂന്നിലവ് , തലനാട് , തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, എന്നീ പഞ്ചായത്തുകളും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയും കൂടി ഉൾപെടുത്തേണ്ടി വന്നതിനാൽ ആദ്യം വിഭാവനം ചെയ്തിരുന്ന 17 mld യിൽ നിന്നും ശുദ്ധീകരണ ശാലയുടെ ശേഷിയിലും വർദ്ധനവ് വേണ്ടി വന്നു. ജലശുദ്ധീകരണശാലയുടെ ശേഷിയിൽ മാറ്റം വന്നതിനാൽ ടെൻഡർ നടപടി റദ്ദാക്കി. ആദ്യം വിഭാവനം ചെയ്തതിൽ നിന്നും കൂടുതൽ പ്രദേശങ്ങൾ ഉൾപെടുത്തേണ്ടി വന്നതിനാൽ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്കും രാമപുരം ഉൾപ്പെടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന 12 പഞ്ചായത്തുകൾക്കും ജല വിതരണത്തിനായി എം.വി.ഐ.പിയിലെ മലങ്കര ജല സംഭരണിയിൽ നിന്നും പ്രതിദിനം 30ദശലക്ഷം ലിറ്റർ വെള്ളം ഉപയോഗിക്കുന്നതിനായി അനുമതി |

| | | | |
|---|---|---|---|
| | | | നൽകുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ ഉറപ്പ വരുത്തുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നിലവിൽ വന്നപ്പോൾ കുടിവെള്ള സ്രോതസ്സ് ലഭ്യമല്ലാത്ത മറ്റു സമീപ പ്രദേശങ്ങളെ കൂടി ഉൾപ്പെടുത്തി ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. പാലാ നിയോജക മണ്ഡലത്തിലെ രാമപുരം, കടനാട് , മേലുകാവ് , മൂന്നിലവ് , തലനാട് , തലപ്പലം, ഭരണങ്ങാനം, മീനച്ചിൽ എന്നീ പഞ്ചായത്തുകളും പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തിടനാട് , തീക്കോയി, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളും ഉൾപ്പെടെ 13 പഞ്ചായത്തുകൾക്കായി 42710 കണക്ഷനുകൾ നൽകുവാനുള്ള 1111.92 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് അഞ്ചാമത് SLSSC ഇൽ അംഗീകാരം നൽകുകയുമുണ്ടായി. 21/01/2022 ൽ കൂടിയ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ അപെക്സ് കമ്മിറ്റി മീറ്റിങ്ങിൽ പദ്ധതി ജല ജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുവാനായി സമർപ്പിച്ചുവെങ്കിലും പദ്ധതിയിലുൾപ്പെട്ട പഞ്ചായത്തുകൾ നൽകേണ്ട വിഹിതം പുനരവലോകനം ചെയ്ത് സാമ്പത്തിക ബാധ്യതയിൽ കുറവ് വരുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗ തീരുമാന പ്രകാരം ഭരണാനുമതി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് . സ്റ്റേറ്റ് പ്ലാൻ 2012-ൽ ഭരണാനുമതി ലഭിച്ച കടനാട് , രാമപുരം, മേലുകാവ് , വെള്ളിലാപ്പള്ളി എന്നീ വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലം, വിവിധ പഞ്ചായത്തുകളിൽ നിന്നും ഏറ്റെടുക്കുന്നതിൽ വന്ന കാലതാമസവും പദ്ധതിയിൽ പല ഘട്ടങ്ങളിലായി മാറ്റം വരുത്തേണ്ടി വന്നതുമാണ് പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിടാൻ ഉണ്ടായ കാരണം. |

സെക്ഷൻ ഓഫീസർ